# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.1836 - 16/02/2016 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ പൊതുകടം

| **ചോദ്യം**<br><br>**ശ്രീ.ഇ.ചന്ദ്രശേഖരൻ** | **ഉത്തരം**<br><br>**ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
|---|---|
| (എ) 2015 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്ന് പറയാമോ; | 2015 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,47,811.93 കോടി രൂപയാണ്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും എത്ര തുക കടമെടുത്തിട്ടുണ്ടെന്നും ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണ് ഈ തുക വിനിയോഗിച്ചതെന്നും വിശദമാക്കാമോ; | ഈ സർക്കാരിന്റെ കാലത്ത് 31.03.2015 വരെ 40,539.81 കോടി രൂപ ആഭ്യന്തരകട ഇനത്തിലും 705.97 കോടി രൂപ കേന്ദ്രസഹായ വായ്പ ഇനത്തിലും 15,521.22 കോടി രൂപ സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് മുതലായ ഇനത്തിലും കടമെടുത്തിട്ടുണ്ട്. ഇപ്രകാരം കടമെടുത്ത തുക പ്രധാനമായും പദ്ധതി ചെലവുകൾക്കും വികസന പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിച്ചത്. |
| (സി) വാണിജ്യ നികുതി ഇനത്തിൽ 2015 ഡിസംബർ 31 വരെ എത്ര തുക പിരിഞ്ഞ് കിട്ടാനുണ്ടെന്ന് അറിയിക്കാമോ; | വാണിജ്യ നികുതിയിനത്തിൽ 2015 ഡിസംബർ 31 വരെ 6,552.43 കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. |
| (ഡി) പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് എത്ര തുകയ്ക്കാണ് എന്ന് പറയാമോ? | പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് 135.80 കോടി രൂപയ്ക്കാണ്. |

അക്കൗണ്ട്സ് ഓഫീസർ